## എൻ. സി. സി., എ. സി. സി. ഗേംസ് ഗൈഡ്

* 278. [16] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) എൻ. സി. സി., എ. സി. സി. ഗേംസ് ഗൈഡ് ഈ വിഭാഗങ്ങളിലേക്ക് വിദ്യാർത്ഥി–വിദ്യാർത്ഥിനികളെ എടുത്തു ട്രെയിനിംഗ് നൽകുന്നതു് മെഡിക്കൽ എക്സാമിനേഷൻ കഴിഞ്ഞു് ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ ;

(ബി) അങ്ങനെ അല്ലെങ്കിൽ ട്രെയിനിംഗ് തുടങ്ങുന്നതിനു മുമ്പ് മെഡിക്കൽ എക്സാമിനേഷൻ നിർബന്ധിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) വിറ്റാമിന്റെ കുറവുകൊണ്ടു് പല കുട്ടികൾക്കും drill ചെയ്യുന്ന സമയത്തു് ക്ഷീണവും തലച്ചുറ്റലും ഉണ്ടാകുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനെന്തെങ്കിലും പ്രതിവിധി ചെയ്തുകൊടുക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) എൻ. സി. സി., എ. സി. സി. എന്നീ വിഭാഗങ്ങളിൽ കേഡറ്റുകളെ ചേർക്കുന്നതിനുമുമ്പു മെഡിക്കൽ എക്സാമിനേഷൻ കഴിച്ചു് ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റു് ഹാജരാക്കണമെന്നു നിർബന്ധമുണ്ടു്. എന്നാൽ ഗേംസ് ഗൈഡ് സിലേയ്ക്കു് വിദ്യാർത്ഥിനികളെ എടുക്കുമ്പോഴും മെഡിക്കൽ എക്സാമിനേഷൻ നടത്താറില്ല.

(ബി) ഗേംസ് ഗൈഡ് സിന്റെ കാര്യത്തിൽ മാത്രമേ ചോദ്യം ഉദിക്കുന്നുള്ളൂ. അതു് പരിഗണിക്കുന്നതാണു്.

(സി) അങ്ങനെ ഉണ്ടാകുന്നതായി അറിവില്ല. എന്നാൽ അപൂർവ്വം ചില കേഡറ്റുകളുടെ കാര്യത്തിൽ കായിക പരിശീലനം അവരുടെ ആരോഗ്യത്തിനു ഗുണകരമല്ലെന്നു കാണുകയും അവരെ കായിക പരിശീലനത്തിൽ നിന്നു ഒഴിവാക്കുകയും ചെയ്തിട്ടുണ്ടു്. കൂടാതെ കേഡറ്റുകൾക്കു കായികപരിശീലനത്തിനു ശേഷം ക്ഷീണം പരിഹരിക്കുന്നതിലേക്കായി ഒരു ചെറിയ തുക റിഫ്രെഷ്മെൻറ് അലവൻസായി അനുവദിച്ചിട്ടുമുണ്ടു്.

## കോളേജുകളിലെ ഫീസു്

* 279 [17] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആർട്സ്, ട്രെയിനിംഗ് പ്രൊഫഷണൽ കോളേജുകളിൽ ഗവണ്മെൻറു് സ്ഥാപനങ്ങളിലും, സ്വകാര്യസ്ഥാപനങ്ങളിലും വസൂലാക്കുന്ന ഫീസിനേറെയും സ്പെഷ്യൽ ഫീസിനേറെയും നിരക്കിൽ വ്യത്യാസം ഉണ്ടോ ; ഉണ്ടെങ്കിൽ എന്താണു് ;

(ബി) ഗവണ്മെൻറു് നിരക്കിനേക്കാളും മേൽപറഞ്ഞ മൂന്നുവിധ സ്ഥാപനങ്ങളിലും അധികം ഫീസു് വസൂലാക്കുന്ന സ്വകാര്യസ്ഥാപനങ്ങളും ഏതെല്ലാം ; വസൂലാക്കുന്ന ഫീസെത്ര;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈടാക്കുന്ന ഫീസു് എത്രയാണു്;

(ഡി) ഇതിനെപ്പറ്റി ഗവണ്മെൻറിനു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു;

(ഈ) കോളേജുകളിലെ ഫീസു് സമ്പ്രദായം ഏകീകരിക്കാൽ ആവശ്യമായ നടപടികളും എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly